LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി. വേമ്പനാട് കായലിലെ ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണം, വർദ്ധനവ് ഇവ ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷം വേമ്പനാട് കായൽ മത്സ്യസംരക്ഷണ പദ്ധതിക്ക് 248 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ആയതിൻപ്രകാരം കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ 2 ഹെക്ടർ വിസ്തൃതിയിലുള്ള 20 യൂണിറ്റ് സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളും കുറ്റി കക്കയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി 15 യൂണിറ്റ് കക്കസംരക്ഷിത മേഖലകളും സ്ഥാപിച്ചിട്ടുണ്ട്. അഷ്ടമുടി കായലിലെ ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണവും വർദ്ധനവും ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷം അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതിക്കായി 95 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി. ആയതിൻപ്രകാരം കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ 2 ഹെക്ടർ വിസ്തൃതിയിലുള്ള 5 യൂണിറ്റ് സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളും കുറ്റി കക്കയുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനുമായി 2 യൂണിറ്റ് കക്ക സംരക്ഷിത മേഖലകളും സ്ഥാപിച്ചിട്ടുണ്ട്.

ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾ

300(1046) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 25 ശതമാനത്തിലധികം ആകരുതെന്ന നിബന്ധന നിലവിലുണ്ടോ; പ്രസ്തുത നിബന്ധനമൂലം മത്സ്യ തൊഴിലാളികൾ കൂട്ടമായി അധിവസിക്കുന്ന പ്രദേശങ്ങളിൽ അർഹരായ നിരവധി ആളുകൾ പട്ടികയ്ക്ക് പുറത്താകുന്നത് പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബി.പി.എൽ. പട്ടിക സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് സിവിൽ സപ്ലൈസ് വകുപ്പാണ്. ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത് എ.പി.എൽ./ ബി.പി.എൽ. വകഭേദമില്ലാതെയാണ്.